ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം: ഡിബി1/9286/2017/സിഇ/തസ്വഭവ.

തീയതി: 19.09.2017

## സർക്കുലർ

വിഷയം:- തസ്വഭവ - സംസ്ഥാന ബഡ്ജറ്റ് 2017-18 -ഗുണനിലവാര നിർണ്ണയ ലബോറട്ടറി സ്ഥാപിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) സർക്കാരിന്റെ 14.06.2017 ലെ 1974/17/തസ്വഭവ നം. ഉത്തരവ്
2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 27.07.2017 ലെ ഡിബി1/9286/17/സിഇ/തസ്വഭവ നം. ഉത്തരവ്

സംസ്ഥാനത്തെ എല്ലാ ജില്ലാ പഞ്ചായത്ത് ആസ്ഥാനങ്ങളിലും ഓരോ ഗുണനിലവാര നിർണ്ണയ ലബോറട്ടറി സ്ഥാപിക്കുന്നതിന് സംസ്ഥാന ബഡ്ജറ്റ് 2017-18 ൽ 42 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതാണ്. ആയതു പ്രകാരം ഓരോ ജില്ലാ പഞ്ചായത്തിലും 3 ലക്ഷം രൂപ വീതം ഉപയോഗിച്ച്, ഗുണനിലവാര നിർണ്ണയ ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിന് ടി ഉപകരണങ്ങളുടെ ലിസ്റ്റ് സഹിതം എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ സൂചന (2) പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തി 30.09.2017 ന് മുമ്പ് പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ആയതിനാൽ പ്രസ്തുത പ്രവൃത്തി സംബന്ധിച്ചുള്ള നിലവിലെ വസ്തുത റിപ്പോർട്ട് രണ്ട് ദിവസത്തിനുള്ളിൽ സമർപ്പിക്കുന്നതിന് എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരോട് നിർദ്ദേശിക്കുന്നു. പ്രസ്തുത റിപ്പോർട്ട് ടി സർക്കുലറിന്റെ കീഴിൽ നൽകിയിട്ടുള്ള ലിങ്ക് മുഖാന്തിരമോ ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.celsgd.com ൽ നൽകിയിട്ടുള്ള 'പ്രൊഫോർമ' പേജിൽ പ്രസിദ്ധീകരിച്ചിട്ടുള്ള Proforma – P1011 Progress report of setting up of quality control laboratories in division office -ലോ ക്ലിക്ക് ചെയ്ത് Google sheet Proforma യിൽ സമർപ്പിക്കേണ്ടതാണ്. പ്രവർത്തന പുരോഗതി റിപ്പോർട്ട് എല്ലാ ദിവസവും അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

(ഒപ്പ്)
ചീഫ് എൻജിനീയർ

പകർപ്പ് : എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും

**Link to Proforma - P1011**